## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 815 — 01.03.2017-ൽ മറുപടിക്ക്

# പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ ശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ 2016-ൽ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ; | എ) | പത്തനംതിട്ട ജില്ലയിലെ പട്ടികജാതി കോളനികളിൽ നിന്നും 2 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളതായി പത്തനംതിട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>പട്ടികവർഗ്ഗ കോളനികളിൽ 2016-ൽ ആകെ 31 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയെല്ലാം അസുഖങ്ങൾ മൂലം മരണപ്പെട്ടതാണ്. പോഷകാഹാരക്കുറവ് മരണ കാരണമായിട്ടില്ല. |
| ബി) | പ്രസ്തുത കോളനികളിൽ ശിശുമരണങ്ങൾ ഉണ്ടാവാതിരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ? | ബി) | ശിശുമരണങ്ങൾ ഉണ്ടാവാതിരിക്കാൻ പട്ടികവർഗ്ഗ കോളനികളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ജനനി ജന്മ രക്ഷാ പദ്ധതി നടപ്പിലാക്കുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് 1 വയസ്സ് തികയും വരെ പ്രതിമാസം 1000/-രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു. ആരോഗ്യ വകുപ്പ് മുഖേന വിവാഹിതരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു. പോഷകാഹാരകുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും ജാതക് ജനനി സോഫ്റ്റ് വെയർ ഉപയോഗിക്കുന്നു. അട്ടപ്പാടി മേഖലയിൽ മേൽപ്പറഞ്ഞവ കൂടാതെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനും ചികിത്സിക്കുന്നതിനും അഗളി, പുതൂർ, ഷോളയൂർ കേന്ദ്രമാക്കി 3 ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്നു.<br>അംഗൻവാടി വർക്കർമാർ, ആശ വർക്കർമാർ, എസ്.റ്റി പ്രൊമോട്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ കൃത്യമായ ഇടവേളകളിൽ വീടുകൾ സന്ദർശിക്കുകയും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, നവജാത ശിശുക്കൾ എന്നിവരുടെ ചികിത്സ ഉറപ്പ് വരുത്തുകയും ചെയ്യുന്നു.<br>കൂടാതെ ഭക്ഷ്യസഹായ പദ്ധതി പ്രകാരം പഞ്ഞമാസങ്ങളിലും മൺസൂൺ കാലത്തും മേഖലയിലെ കാടർ, കുറുമ്പർ തുടങ്ങിയ പ്രത്യേക ദുർബല ഗോത്ര |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങൾക്ക് അരി (25 കിലോ.ഗ്രാം), വൻ പയർ (2 കിലോ.ഗ്രാം), കടല (2 കിലോ.ഗ്രാം), വെളിച്ചെണ്ണ (1 ലിറ്റർ), പഞ്ചസാര (2 കിലോ.ഗ്രാം), ചായപൊടി (500 ഗ്രാം), ചെറുപയർ (2 കിലോ.ഗ്രാം) എന്നിവ വിതരണം ചെയ്യുന്നു. മറ്റു വിഭാഗങ്ങൾക്ക് അരി (15 കിലോ.ഗ്രാം), ചെറുപയർ (1 കിലോ.ഗ്രാം), കടല (1 കിലോ.ഗ്രാം), കരുപ്പെട്ടി/ശർക്കര (1 കിലോ.ഗ്രാം) എന്നീ അളവിലും വിതരണം നടത്തി വരുന്നു. അട്ടപ്പാടി മേഖലയിൽ 157 ഊരുകൾ കേന്ദ്രീകരിച്ച് മുഴുവൻ കുടുംബങ്ങൾക്കുമായി കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>സാമൂഹ്യനീതി വകുപ്പ്, അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ശിശുക്കൾക്കും പോഷകാഹാര വസ്തുക്കൾ നൽകി വരുന്നു. മാത്രമല്ല, ടി വകുപ്പ് ശിശുമരണങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി ഗർഭിണികൾ ആശുപത്രിയിൽ ചികിത്സ തേടുന്നതിനും പ്രസവം ആശുപത്രിയിൽ തന്നെയാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ